പതിനാലാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4215 — 17- 05-2017-ൽ മറുപടിക്ക്.

## അക്ഷയയുടെ സേവന നിരക്കുകൾ

ചോദ്യം — മറുപടി

ശ്രീ. അബ്ദുൽ ഹമീദ്. പി. — ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിരക്ക് നിലവിൽ വന്നത് എന്ന് മുതലാണ്; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് നിരക്കും നിശ്ചയിക്കുന്നത്. നിലവിലെ നിരക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അക്ഷയ സംരംഭങ്ങൾ സാമ്പത്തികമായി വിജയകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചു വരുന്നു. സാമ്പത്തിക ലാഭമല്ല മറിച്ച് പൊതുജന സേവനമെന്ന ലക്ഷ്യം മുൻനിറുത്തിയാണ് സർക്കാർ സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കി അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്ന സംരംഭകരെ സംബന്ധിച്ചിടത്തോളം ആയത് ലാഭകരമാകേണ്ടതുണ്ട്. അക്ഷയ കേന്ദ്രങ്ങളെല്ലാം പൊതുവെ ലാഭകരമായി തന്നെയാണ് പ്രവർത്തിക്കുന്നത്. വരുമാനത്തിൽ ഏറ്റകുറച്ചിലുകളുണ്ടാകുമെന്ന് മാത്രം. അക്ഷയയിലൂടെ നടപ്പിലാക്കുന്ന ചില പദ്ധതികൾ കാലികമായതിനാൽ അത്തരം പദ്ധതികൾക്കുവേണ്ടി സേവനങ്ങൾ ലഭ്യമാക്കുക വഴി അക്ഷയ കേന്ദ്രങ്ങൾക്ക് സാമ്പത്തിക നേട്ടമുണ്ടാകാറുണ്ട്. |
| (സി) | വിലക്കയറ്റം, രൂപയുടെ മൂല്യശോഷണം, മറ്റ് ചെലവുകളുടെ വർദ്ധനവ് എന്നിവ അക്ഷയയുടെ സേവന നിരക്കുകൾ നിശ്ചയിക്കുന്നതിന് മാനദണ്ഡമാക്കാറുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അക്ഷയ കേന്ദ്രങ്ങളുടെ സേവന നിരക്കുകൾ പുന:ക്രമീകരിക്കാറുണ്ടോ; എങ്കിൽ എത്ര വർഷത്തിലൊരിക്കൽ ; മാനദണ്ഡം എന്താണ്; | (ഡി) | പുന:ക്രമീകരിക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | അക്ഷയയുടെ സേവന നിരക്കുകൾ അവസാനമായി നിശ്ചയിച്ച് നൽകിയത് എന്നാണ്; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് നിരക്കും നിശ്ചയിക്കുന്നത്. ഓരോ പ്രോജക്റ്റിനും വെവ്വേറെ സർക്കാർ ഉത്തരവ് പ്രകാരമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 31.03.2017-ലെ സഉ. (കൈ) നം. 21/2017/വ്യവ. പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിലെ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) ന്റെ ഭാഗമായ ഇ-പാസ്സിനു വേണ്ടിയുള്ള രജിസ്ട്രേഷന്റെ നിരക്കാണ് അവസാനമായി നിശ്ചയിച്ചിട്ടുള്ളത്. |
| (എഫ്) | അക്ഷയ സംരംഭങ്ങൾ ലാഭകരമായി നടത്തികൊണ്ട് പോകുന്നതിനാവശ്യമായ പിന്തുണ സംരംഭകർക്ക് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എഫ്) | അക്ഷയ പദ്ധതികളുടെ വിവരണങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചും, വിവിധ സർക്കാർ സർക്കാരിതര വകുപ്പുകളുമായി ആശയ വിനിമയം നടത്തിയും സംസ്ഥാന -കേന്ദ്ര സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന ശില്പ ശാലകളിൽ അക്ഷയയുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തിയും പ്രദർശന സ്റ്റാളുകളും. വിവിധ തലങ്ങളിലുള്ള ക്യാമ്പയിനുകളും, ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഡിസ്ട്രിക്റ്റ് ഇ-ഗവേണൻസ് സൊസൈറ്റിയുടെ കമ്മിറ്റികളിൽ പുതിയ പദ്ധതികളുടെ ആശയ രൂപീകരണവും ചർച്ചകളും സംഘടിപ്പിച്ചും അക്ഷയ സംസ്ഥാന/ജില്ലാ ഓഫീസുകൾ അക്ഷയ സംരംഭകർക്ക് വേണ്ട പിന്തുണ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Services Charges of Akshaya CSCs | | | | |
|---|---|---|---|---|
| Sl.No | List of services | | Description | Service charges charged from the public |
| 1 | Aadhaar enrollment | | Akshaya is one of the UID Enrolment Agencies under Govt of Kerala (G.O.(MS) No.16/2011/ITD dated 03.06.2011) | No charges |
| 2 | e-filing | | E-filing of monthly returns by traders G.O(M.S) No.04/2009/TD dated 8th Jan 2009 | No charges |
| 3 | E-grants | New Entry | Application for Post metric scholarship of SC/ST & other Backward caste Students (G.O(RT)No.1088/SC dated 4th Nov 2010) | No charges |
| | | Existing Entry | | |
| 4 | E-pay Services/ FREES Services | BSNL Bill payment | | No charges |
| | | Water Authority Bill Payment | BSNL, KSEB, KWA bills and University fees can be paid through Akshaya centers GO for e-payment-("G.O.(R.T) No.139/06/ITD dated 26.07.2006 G.O(R.T).No.138/07/ITD dated 12.07.07" Office Order no: 71/2012/AKS/696 dt 29-11-2012) | 0-1000= Rs 10/- 1001-5000= Rs 20/- Above 5001= 0.5% |
| | | KSEB Bill payment | | |
| | | Motor vehicles Dept. | | |
| | | e-Challan | | |
| | | Calicut University | | Rs 10/- |
| | | MG University | | Rs 10/- |
| | | Cultural welfare board | | Up to 200 Rs. 6/- 201-1000= Rs 10/- 1001-5000= Rs 20/- Above 5001= 0.5% |
| 5 | e-District | Caste Certificate | an integrated, seamless, online delivery of citizen services at the district level. 23 certificate of revenue department have automated and processing through e-district (GO (P) No. | Rs.10/- (Akshaya service charge) + Rs.5/- (Stamp charge) + Rs.2 (Govt.Service charge) + Rs.2 per page for scanning / |
| | | Community certificate | | |
| | | Residence Certificate | | |
| | | Relationship Certificate | | |

| | | | | |
|---|---|---|---|---|
| | | Nativity Certificate | 24/2010/ITD dated 4.8.2010) | printing.<br><br>(SC / ST families need not pay stamp charges and Govt.Service charge)<br><br>(BPL families need not pay Govt.Service Charge – Rs.2) |
| | | Income Certificate | | |
| | | Possession certificate | | |
| | | Identity Certificate | | |
| | | Legal Heir Certificate | | |
| | | Solvency Certificate | | |
| | | Location Certificate | | |
| | | Conversion Certificate | | |
| | | Dependency Certificate | | |
| | | Destitute Certificate | | |
| | | Family membership Certificate | | |
| | | Inter caste marriage Certificate | | |
| | | Life certificate | | |
| | | Non-remarriage Certificate | | |
| | | One and the Same Certificate | | |
| | | Possession and attachment Certificate | | |
| | | Valuation Certificate | | |
| | | Widow-Widower Certificate | | |
| | | | | |
| 6 | E-Vidya Course | Advanced computer training course | | Rs 450/- |
| 7 | Kerala Non Residents | Collection of monthly contribution fees of | | up to 500 - Rs 6/-<br>500-1000-Rs 11/- |

| | | | | |
|---|---|---|---|---|
| | Keralites Welfare Board | Kerala Non-resident Keralites Welfare Fund board(KNRKWF) | | above 1000 - Rs 16/- |
| 8 | Election ID Card Service | | Online Submission of Application | Rs.25/- |
| 9 | Food and Safety Registration / Licensing. | | Online Submission of Application. | <u>Application for New Registration</u><br>(Fee for one year Rs.100/-)<br>Service charge for data entry and payment of Rs.100/- using debit card : Rs.25/-<br>Scanning photo/document or printing : Rs.3/- per page.<br><u>Application for New License</u><br>(Fee for one year Rs.2000/-)<br>Service charge for Data entry : Rs.40/-<br>Transaction Fee to be collected for payment : Rs.15/-<br>Scanning or printing : Rs. 3/- per page |
| 10. Chiak registration | | Online Submission of Application. | | No charges |
| 11 | | Kiosk Banking | | Depends on Bank's Policy |

[illegible]

## കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി - കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിങ് സർവ്വീസസ് (KOMPAS) ന്റെ ഭാഗമായി ഇ-പാസ്സ് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ (കൈ) നം.21/2017/വ്യവ. തിരുവനന്തപുരം, തീയതി 31.03.2017.

---

പരാമർശം: സ.ഉ.(പി)നം.17/2015/ വ്യവ തീയതി 07.02.2015.

**ഉത്തരവ്**

2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 26 (6) പ്രകാരം പെർമിറ്റ് ഉടമ/ലെസ്സി/ഡീലർ/ രജിസ്റ്റേഡ് മെറ്റൽ ക്രഷർ യൂണിറ്റ് ഉടമ എന്നിവർ മിനറൽ ട്രാൻസിറ്റ് പാസ്സ് ഓൺ ലൈനായി തയ്യാറാക്കിയ ഇ-പാസ്സ് രൂപത്തിൽ വിതരണം ചെയ്യുന്നത് നിഷ്കർഷിക്കുന്നുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതിയായ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിങ് സർവ്വീസസ് (KOMPAS) നടപ്പിലാക്കുന്നതിന്റെ ഭാഗമായ ഇ-പാസ്സ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി www.portal.dmg.kerala.gov.in എന്ന വെബ്പോർട്ടൽ മൈനിംഗ് & ജിയോളജി വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിലെ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) ന്റെ ഭാഗമായ ഇ-പാസ്സ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയും ചുവടെ വ്യക്തമാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. (i) മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ്/ലീസ്/ഡീലേഴ്സ് ലൈസൻസ് എന്നിവ കരസ്ഥമാക്കിയിട്ടുള്ളവർ, ക്രഷർ യൂണിറ്റിന് രജിസ്ട്രേഷൻ സമ്പാദിച്ചിട്ടുള്ളവർ www.portal.dmg.kerala.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇവ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 'യൂസർ മാന്വൽ' എന്ന ലിങ്കിൽ ലഭ്യമാണ്. KOMPAS-ൽ ലോഗ് ഇൻ ചെയ്യുന്നതിനായി രജിസ്ട്രേഷനിലൂടെ ലഭിക്കുന്ന 'യൂസർ നെയിം', 'പാസ് വേർഡ്' എന്നിവ ഉപയോഗിക്കേണ്ടതാണ്.

(ii) രജിസ്റ്റേർഡ് യൂസർ വെബ് പോർട്ടൽ മുഖേന ഉപയോഗപ്പെടുത്തുന്ന എല്ലാ ഇലക്ട്രോണിക് സർവ്വീസുകളും ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 ത്തിന്റെ പരിധിയിൽ വരുന്നതും ടി പ്രവർത്തികളുടെ പൂർണ്ണ ഉത്തരവാദിത്തം രജിസ്റ്റേഡ് യൂസറിൽ നിക്ഷിപ്തവുമാണ്. രജിസ്റ്റേഡ് യൂസർ/ ഉപഭോക്താവിന് പോർട്ടൽ മുഖേന മൂവ്മെന്റ് പെർമിറ്റിനുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതും ധാതു ഗതാഗതത്തിനുള്ള ഇ-പാസ്സ് തയ്യാറാക്കാവുന്നതുമാണ്. പെർമിറ്റ്/ ലീസ് ഉടമ അവർ ഉല്പാദിപ്പിക്കുന്ന ധാതുവിന്റെ അളവ് യഥാസമയം പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. പ്രതിമാസ റിട്ടേണുകൾ, അധികം ആവശ്യമുള്ള പാസ്സുകൾക്കുള്ള അപേക്ഷ, അനുവദിച്ചതിൽ കൂടുതൽ ധാതു ശേഖരിക്കുന്നതിനുള്ള അപേക്ഷ എന്നിവ ഓൺലൈനായി പോർട്ടൽ മുഖേന സമർപ്പിക്കേണ്ടതാണ്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യൂസർ മാന്വലിൽ ലഭ്യമാണ്.

(iii) രജിസ്റ്റർഡ് ഉപഭോക്താക്കൾക്ക് KOMPAS പോർട്ടൽ മുഖേനയുള്ള വിവിധ സേവനങ്ങൾക്കായി സ്വന്തം ജീവനക്കാരെ (ഒരു വ്യക്തിയേയോ / ഒന്നിൽ കൂടുതൽ വ്യക്തികളെയോ) ഉപഭോക്താക്കളുടെ ഉത്തരവാദിത്തത്തിൽ അവരുടെ ഏജന്റ് ആയി നിയോഗിക്കാവുന്നതാണ്.

(iv) KOMPAS പോർട്ടൽ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചിട്ടുള്ളതിനാൽ ഇ- ട്രഷറി പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാങ്കുകൾ മുഖേന ഇ-പേയ്മെന്റായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട തുക ഒടുക്കാവുന്നതാണ്.

(v) ധാതുക്കൾ കടത്തുവാനുള്ള വാഹനം എൻറോൾ ചെയ്യുന്നതിനുള്ള സൗകര്യം വെബ് പോർട്ടലിൽ ലഭ്യമാണ്. ഇപ്രകാരം എൻറോൾ ചെയ്ത വാഹനങ്ങൾക്ക് മാത്രമേ ഇ-പാസ്സ് അനുവദിക്കുകയുള്ളൂ. ഇവ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യൂസർ മാന്വലിൽ ലഭ്യമാണ്.

(vi) KOMPAS പോർട്ടൽ മുഖേന തയ്യാറാക്കുന്ന ഇ-പാസ്സുകളിൽ മൈനിംഗ് & ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒപ്പോ, സീലോ ആവശ്യമില്ല.

(vii) ഇ - പാസ്സുകളിൽ ഉത്പാദകന്റേയോ ഡീലറുടെയോ അവർ നിയോഗിക്കുന്ന ഏജന്റിന്റെയോ നീല മഷിയുള്ള ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

(viii) മിനറൽ ട്രാൻസിറ്റ് പാസ്സ് പരിശോധനയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള എല്ലാ വകുപ്പിലെ ഉദ്യോഗസ്ഥർക്കും KOMPAS പോർട്ടൽ, SMS, 2D ബാർകോഡ് മുഖേന ഇ-പാസ്സ് ഒറിജിനലാണോ അല്ലയോ എന്ന് പരിശോധിക്കാവുന്നതാണ്.

2. ഇ-പാസ്സ് പദ്ധതി ഔദ്യോഗികമായി നടപ്പിലാക്കുന്ന തീയതി മുതൽ 30 ദിവസം വരെ ഇ-പാസ്സ് സംവിധാനത്തോടൊപ്പം നിലവിലുള്ള ട്രാൻസിറ്റ് പാസ് (Form OA, Form OB) സംവിധാനവും തുടരുന്നതാണ്.
3. ധാതുക്കൾ കയറ്റുന്ന എല്ലാ വാഹനങ്ങളും KOMPAS പോർട്ടലിൽ എൻറോൾ ചെയ്യേണ്ടതാണ്. എൻറോൾ ചെയ്ത വാഹനങ്ങൾക്ക് മാത്രമേ ധാതുക്കൾ കയറ്റികൊണ്ട് പോകുന്നതിന് അനുമതി ലഭിക്കുകയുള്ളൂ.
4. വാഹനങ്ങളുടെ KOMPAS പോർട്ടലിലെ രജിസ്ട്രേഷൻ സംസ്ഥാനത്തുള്ള അക്ഷയ കേന്ദ്രങ്ങൾ മുഖേന 40 രൂപ ഫീസ് ഒടുക്കിയോ, സ്വന്തം നിലയിലോ നിർവഹിക്കാവുന്നതാണ്.
5. ഇ-പാസ്സ് സംവിധാനം ആദ്യ ഘട്ടത്തിൽ ചെറുകിട ധാതുക്കൾക്ക് ബാധകമായിരിക്കുന്നതാണ്.
6. വാഹനത്തിന്റെ ക്യാരിയിംഗ് കപ്പാസിറ്റി അടിസ്ഥാനത്തിൽ മാത്രം ഇ-പാസ്സ് അനുവദിക്കാവുന്നതാണ്.
7. മിനറൽ ട്രാൻസിറ്റ് പാസ്സ് പരിശോധനയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇ-പാസ്സിന്റെ സാധുത പരിശോധിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതാണ്.
8. KOMPAS സംവിധാനത്തിൽ SMS സൗകര്യം ഉപഭോക്താവിന് ലഭ്യമാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പോൾ ആന്റണി
അഡീഷണൽ ചീഫ് സെക്രട്ടറി

To

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അഡിഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യ വകുപ്പ്
സെക്രട്ടറി, ഗതാഗത വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും, എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
ജിയോളജിസ്റ്റ്, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/ പത്തനംതിട്ട/ കോട്ടയം/ഇടുക്കി/
എറണാകുളം/തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്.
ജിയോളജിസ്റ്റ്, മിനറൽ സ്ക്വാഡ് സതേൺ റീജിയൺ/സെൻട്രൽ റീജിയൺ/നോർത്തേൺ
റീജിയൺ/ സ്പെഷ്യൽ സ്ക്വാഡ്, ചേർത്തല
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ